## യെല്ലോഫീവറിന്റെ പ്രതിരോധ പ്രവർത്തനം

117 (2586) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യെല്ലോഫീവർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത രോഗത്തിന്റെ പ്രതിരോധ പ്രവർത്തനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തെ വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവിടങ്ങൾ വഴി രോഗബാധിതരായ യാത്രക്കാരിൽ നിന്നും രോഗവ്യാപനം തടയുന്നതിനായുള്ള കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നടപടികൾക്ക് എന്തെല്ലാം പിന്തുണയാണ് സർക്കാർ വഗാനം ചെയ്തിട്ടുള്ളത് ;

(ഡി) വിദേശ യാത്രക്കാരിൽ നിന്നും നമ്മുടെ സംസ്ഥാനത്തേക്ക് പടർന്നു പിടിക്കാൻ സാധ്യതയുള്ള ഇത്തരം പകർച്ചവ്യാധികൾ തടയുന്നതിന് കേന്ദ്രസർക്കാരുമായി ചേർന്ന് ആരോഗ്യപരിപാടികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) യെല്ലോഫീവർ രോഗ പ്രതിരോധ പ്രവർത്തനത്തിനായി കർശനമായ വാക്സിനേഷൻ നയം നിലവിലുണ്ട്. ഈ രോഗബാധയുള്ള രാജ്യങ്ങളിലേക്ക് പോകുന്നതിനും തിരിച്ചുവരുന്നതിനും മുമ്പായി വാക്സിനേഷൻ നിർബന്ധമാണ്. ഇത്തരം വാക്സിനേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്തവർക്ക് വിസ നിഷേധിക്കുകയും കർശന നിരീക്ഷണത്തിൽ വയ്ക്കുകയും ചെയ്തുവരുന്നു. ഡെങ്കിപ്പനി, ചിക്കൻഗുനിയ മുതലായ രോഗങ്ങൾ പരത്തുന്ന ഈഡിസ് കൊതുകുകൾ തന്നെയാണ് യെല്ലോഫീവറും പകർത്തുന്നത്. ഇത്തരം കൊതുകുകളെ നിയന്ത്രിക്കുവാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം നടന്നുവരുന്നുണ്ട്.

(സി) രോഗനിരീക്ഷണ സംവിധാനമായ ഐ.ഡി.എസ്.പി. മുഖേന രോഗബാധയുള്ള രാജ്യങ്ങൾ സന്ദർശിച്ച് തിരിച്ചുവരുന്നവരിൽ അസാധാരണമായ രോഗലക്ഷണങ്ങൾ വല്ലതും ഉണ്ടാകുന്നുവെങ്കിൽ ആയത് കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യാനും സത്വര നടപടികൾ സ്വീകരിക്കാനും സംവിധാനങ്ങൾ നിലവിലുണ്ട്. അവശ്യഘട്ടങ്ങളിൽ കൊതുകനശീകരണ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരേയും ഉപകരണങ്ങളും എയർപോർട്ട് അധികാരികൾക്ക് നൽകുന്നുണ്ട്.

GPM. 2/242/2020-27

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മെർസ്കോ വൈറസ് (Merscov), Yellow Fever, Ebola മുതലായ പകർച്ചവ്യാധികൾ തടയുന്നതിനായി ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു:

(1) വിമാനത്താവളം, തുറമുഖം എന്നിവിടങ്ങളിൽ APHQ-മാർ കൊച്ചി പോർട്ട് ട്രസ്റ്റ് ഹെൽത്ത് ഓർഗനൈസേഷൻ എന്നിവയോട് സഹകരിച്ച് യാത്രക്കാരുടെ സ്ക്രീനിങ്ങ്, പര്യവേഷണം മുതലായവ നടത്തിവരുന്നു.

(2) ജില്ലകളിൽ DSO-യുടെ നേതൃത്വത്തിൽ രോഗ പര്യവേഷണ നടപടികൾ, ഐസൊലേഷൻ, തീവ്രപരിചരണം മുതലായവയ്ക്ക് മെഡിക്കൽ കോളേജുകളും ജില്ലാ ആശുപത്രികളും അടങ്ങുന്ന ശൃംഖല സജ്ജമാക്കിയിട്ടുണ്ട്.

(3) രക്ത/സ്രവ സാമ്പിളുകൾ പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ രോഗ നിയന്ത്രണത്തിനാവശ്യമായ എല്ലാ ഘടകങ്ങളേയും സംയോജിപ്പിക്കുവാൻ പ്രവർത്തനസജ്ജമായ സ്റ്റേറ്റ് കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്.

## ആരോഗ്യമേഖലയിലെ പദ്ധതികൾ

118(2587) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആരോഗ്യമേഖലയിൽ എന്തെല്ലാം പദ്ധതികൾ പ്രഖ്യാപിക്കുകയുണ്ടായെന്നും അതിനായി ഓരോ ബഡ്ജറ്റിലും എത്ര തുക വീതം വകയിരുത്തിയെന്നും ഓരോവർഷവും എത്ര തുക വീതം ചെലവഴിക്കാൻ കഴിഞ്ഞുവെന്നും പ്രത്യേകം വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രഖ്യാപിച്ച പദ്ധതികൾ താഴെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly